പത്രക്കുറിപ്പ്
15.11.2018

## മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള മികവിന്റെ കേന്ദ്രങ്ങൾ: പുതുതായി തുടങ്ങുന്ന 200 ബഡ്സ് സ്ഥാപനങ്ങൾക്കായി 25 കോടി രൂപ കുടുംബശ്രീ പഞ്ചായത്തുകൾക്ക് കൈമാറി

തിരുവനന്തപുരം: മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ സംസ്ഥാനത്ത് നടപ്പാക്കുന്ന ബഡ്സ് സ്ഥാപനങ്ങൾക്കു വേണ്ടി 25 കോടി രൂപ പഞ്ചായത്തുകൾക്ക് കൈമാറി. സംസ്ഥാനത്ത് വിവിധ തദ്ദേശ ഭരണ സ്ഥാപനങ്ങളിലായി 200 ബഡ്സ് സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ടിയാണ് തുക കൈമാറിയത്.

ഒരു സ്ഥാപനം ആരംഭിക്കുന്നതിനായി 12.5 ലക്ഷം രൂപയാണ് ആദ്യഗഡുവായി നൽകിയത്. പഠന സാമഗ്രികളും വിദ്യാർത്ഥി സൗഹൃദ മേശയും കസേരയും വാങ്ങുന്നതിനും റാമ്പ്, റെയിൽ തുടങ്ങിയ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുന്നതിനും ഈ തുക വിനിയോഗിക്കാം. കൂടാതെ വിദ്യാർത്ഥികൾക്ക് വിനോദ ഉപാധികളായി ടെലിവിഷൻ, പ്രോജക്ടർ, ഓഫീസ് ആവശ്യത്തിനുള്ള കമ്പ്യൂട്ടർ, പ്രിന്റർ, തെറാപ്യൂട്ടിക് ഉപകരണങ്ങൾ, വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള തൊഴിൽ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ഈ ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

തിരുവനന്തപുരം (19), കൊല്ലം (20), പത്തനംതിട്ട (9), ആലപ്പുഴ (13), കോട്ടയം (12), ഇടുക്കി (3), എറണാകുളം (22), തൃശൂർ (12), പാലക്കാട് (19), മലപ്പുറം (22), കോഴിക്കോട് (18), വയനാട് (10), കണ്ണൂർ (9), കാസർകോഡ് (12) എന്നിങ്ങനെയാണ് പുതുതായി തുടങ്ങുന്ന സ്കൂളുകളുടെ എണ്ണം. ഏറ്റവും കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നത് എറണാകുളം, മലപ്പുറം ജില്ലകളിലാണ്. ഈ ജില്ലകളിൽ 22 വീതം ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കും.

നിലവിൽ കുടുംബശ്രീയുടെ കീഴിൽ സംസ്ഥാനമൊട്ടാകെ 182 ബഡ്സ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതത് തദ്ദേശ സ്ഥാപനങ്ങൾക്കാണ് ഇതിന്റെ മേൽനോട്ടത്തിനും നടത്തിപ്പിനുമുള്ള ചുമതല. മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന അഞ്ചിനും 18 വയസിനും ഇടയിൽ പ്രായമുള്ള കുട്ടികളുടെ പകൽ പരിചരണം ഉറപ്പാക്കുന്ന ബഡ്സ് സ്കൂളുകളും പതിനെട്ടിനു മുകളിൽ പ്രായമുള്ളവർക്ക് പകൽ പരിപാലനവും തൊഴിൽ പരിശീലനവും ഉറപ്പാക്കുന്ന ബഡ്സ് പുനരധിവാസ കേന്ദ്രങ്ങളാണിവ. ബഡ്സ് സ്കൂളുകളിൽ 3331 കുട്ടികളും ബി.ആർ.സികളിൽ 2834 വ്യക്തികളുമുണ്ട്. അധ്യാപകർ, അനധ്യാപകർ, തെറാപിസ്റ്റുകൾ, വൊക്കേഷണൽ ട്രെയിനർമാർ, പാചകക്കാർ, ഡ്രൈവർമാർ എന്നിങ്ങനെ വ്യത്യസ്ത ജീവനക്കാരാണ് ഇവിടെ പ്രവർത്തിക്കുന്നത്.

മാനസിക ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുള്ള രക്ഷിതാക്കൾക്ക് തങ്ങളുടെ കുഞ്ഞുങ്ങളെ സുരക്ഷിതമായി ഏൽപ്പിക്കാൻ കഴിയുന്ന സ്ഥാപനമായി കുടുംബശ്രീ ബഡ്സ് സ്ഥാപനങ്ങൾ മാറിയിട്ടുണ്ട്. ഇതു പ്രകാരം കൂടുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ബഡ്സ് സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിക്കുന്നതു വഴി കുട്ടികൾക്ക് സുരക്ഷിതമായ പകൽ പരിപാലനത്തോടൊപ്പം വിദ്യാഭ്യാസത്തിനും വ്യക്തിത്വ വികസനത്തിനും ഉതകുന്ന വിവിധ പരിശീലനങ്ങൾ ലഭ്യമാക്കുന്നതിനും സാധിക്കും. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ സംരക്ഷിക്കേണ്ടി വരുന്നതിനാൽ പകൽ സമയം ജോലിക്കു പോകാൻ നിവൃത്തിയില്ലാത്ത നിർദ്ധനരായ അമ്മമാർക്കു വേണ്ടി ബഡ്സ് സ്ഥാപനങ്ങളോട് ചേർന്ന് സ്വയംതൊഴിൽ പരിശീലനവും നൽകുന്നുണ്ട്. ഇങ്ങനെ സ്വയംതൊഴിൽ പരിശീലനം ലഭിക്കുന്നതിലൂടെ ഇവർക്ക് സ്വന്തമായി സംരംഭം തുടങ്ങി വരുമാനം നേടാൻ കഴിയും.

ഓരോ പഞ്ചായത്തും കുടുംബശ്രീ സി.ഡി.എസിന്റെ പിന്തുണയോടെ ലഭ്യമാക്കുന്ന വിവരങ്ങളുടെയും കേരള സാമൂഹ്യ സുരക്ഷാ മിഷൻ സർവേ നടത്തി കണ്ടെത്തിയ വിവരങ്ങളുടെയും അടിസ്ഥാനത്തിലാണ് മാനസിക ബൗദ്ധിക വെല്ലുവിളികളുള്ള കുട്ടികളെ കണ്ടെത്തുന്നത്. ഇപ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്സ് സ്ഥാപനങ്ങൾ തുടങ്ങുന്നതിനായി പദ്ധതി സമർപ്പിക്കാം. ഇതിന്റെ ഭാഗമായി കഴിഞ്ഞ സാമ്പത്തിക വർഷം ഇരുനൂറ് തദ്ദേശ സ്ഥാപനങ്ങൾ വിശദമായ പദ്ധതി സമർപ്പിച്ചിരുന്നു. ഈ പദ്ധതികൾക്ക് സർക്കാർ അനുമതി നൽകി ബജറ്റിൽ ഇരുപത്തഞ്ച് കോടി രൂപ അനുവദിച്ചിരുന്നു. ഈ തുകയാണ് കുടുംബശ്രീ ഇപ്പോൾ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയത്.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ